**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് വിദേശപഠന സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ. കെ. എം. സച്ചിന്‍ദേവ്,<br>ശ്രീ. എം.വിജിന്‍,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ ഒ . ആര്‍. കേളു<br>(പട്ടിക ജാതി, പട്ടിക വര്‍ഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ഒന്‍പത് വര്‍ഷത്തിനിടെ പട്ടികജാതി, പട്ടികവര്‍ഗ്ഗ വിഭാഗങ്ങളിലെ വിദ്യാര്‍ത്ഥികള്‍ക്ക് വിദേശപഠനത്തിനായി അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാണോ; എങ്കില്‍ നല്‍കാമോ; | (എ) | കഴിഞ്ഞ ഒന്‍പത് വര്‍ഷത്തിനിടെ 1059പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്ക് 211,10,17,248/- രൂപയും, 80പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് 16,73,32,659/- രൂപയും ഉള്‍പ്പടെ ആകെ 1139 വിദ്യാര്‍ത്ഥികള്‍ക്ക് 227,83,49,907രൂപ വിദേശപഠനത്തിനായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗത്തില്‍പ്പെട്ടവരുടെ വിദേശ പഠനത്തിനുള്ള സഹായം ഏത് സര്‍ക്കാര്‍ ഏജന്‍സി മുഖേനയാണ് നല്‍കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 2024 ജനുവരി ഇന്‍ടേക്ക് മുതല്‍ ഓവര്‍സീസ് ഡവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷന്‍ കണ്‍സള്‍ട്ടന്റ് ലിമിറ്റഡ് (ODEPC) എന്ന സര്‍ക്കാര്‍ ഏജന്‍സി മുഖേനയാണ് പട്ടികജാതി- പട്ടികവര്‍ഗ്ഗ വിഭാഗം വിദ്യാര്‍ത്ഥികള്‍ക്ക് വിദേശപഠന സ്കോളര്‍ഷിപ്പ് അനുവദിക്കുന്നത്. |
| (സി) | പ്രസ്തുത ഏജന്‍സി വന്നതിനു ശേഷം എത്ര വിദ്യാര്‍ത്ഥികള്‍ക്ക് എത്ര കോടി രൂപ വിദേശ പഠനസഹായമായി നല്‍കിയിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കില്‍ വ്യക്തമാക്കാമോ? | (സി) | 474 പട്ടിക ജാതി വിദ്യാര്‍ത്ഥികള്‍ക്ക് 80,58,75,000/- രൂപയും, 41 പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് 6,86,18,973/-രൂപയും ഉള്‍പ്പടെ ആകെ 515 വിദ്യാര്‍ത്ഥികള്‍ക്ക് 87,44,93,973രൂപ ODEPC മുഖേന വിദേശപഠനത്തിനായി അനുവദിച്ച നല്‍കിയിട്ടുണ്ട് . |

സെക്ഷന്‍ ഓഫീസര്‍